# പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ 313

06.01.2014-ലെ മറുപടിക്ക്

### ജയിലിനുള്ളിലെ മൊബൈൽ ഫോൺ ഉപയോഗം തടയാൻ നടപടി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.കെ.എൻ.എ.ഖാദർ<br>ശ്രീ.കെ.മുഹമ്മദുണ്ണി ഹാജി | ശ്രീ.രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി) |
| എ) ജയിൽ അന്തേവാസികൾക്ക് മൊബൈൽ ഫോണുകൾ ഉൾപ്പെടെയുള്ള സാമഗ്രികൾ എത്തിക്കുന്നത് തടയാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | എ) ജയിൽ അന്തേവാസികൾ ജയിലിനകത്തേയ്ക്ക് പ്രവേശിക്കുമ്പോഴും പുറത്തേയ്ക്ക് പോകുമ്പോഴും ജയിലിന്റെ മെയിൻ ഗേറ്റിൽ വച്ച് കർശനമായി ദേഹപരിശോധനകൾ നടത്തുന്നു. തടവുകാരെ സന്ദർശിക്കുന്നതിനായി ജയിലുകളിൽ വരുന്നവരെ കൂടിക്കാഴ്ച നടത്തുന്ന അവസരത്തിൽ വേണ്ടവിധം നിരീക്ഷിക്കുന്നതിന് ഉദ്യോഗസ്ഥരെ നിയോഗിച്ചിട്ടുണ്ട്. സന്ദർശകർ കൂടുതലുള്ള പ്രധാനപ്പെട്ട ജയിലുകളിൽ തടവുകാരുടെ കൂടിക്കാഴ്ച നടത്തുന്ന സ്ഥലത്ത് സിസിടിവി ക്യാമറകൾ സ്ഥാപിച്ച് അനധികൃത വസ്തുക്കൾ ജയിലിനകത്തേയ്ക്ക് കടത്തുന്നത് തടയുന്നതിനായി നിരീക്ഷണം നടത്തി വരുന്നുണ്ട്. |
| ബി) ഇത്തരം സംഭവങ്ങൾ ഇനിയും ആവർത്തിക്കപ്പെടാതിരിക്കാൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ; | ബി) തടവുകാരുടെ ദേഹപരിശോധന കർശനമായി നിർവ്വഹിക്കുന്നതിനും തടവുകാരെ പാർപ്പിച്ചിട്ടുള്ള സെല്ലുകളും ബ്ലോക്കുകളും ഇടയ്ക്കിടെ പരിശോധനയ്ക്ക് വിധേയമാക്കി മൊബൈൽ ഫോൺ ഉൾപ്പെടെയുള്ള നിരോധിത വസ്തുക്കളുടെ ഉപയോഗം തടയുന്നതിനും ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കണ്ണൂർ സെൻട്രൽ ജയിലിലെ പ്രവർത്തന രഹിതമായ മൊബൈൽ ജാമർ പ്രവർത്തന ക്ഷമമാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സിസിടിവി മുഖാന്തിരം ജയിൽ പരിസരവും സെല്ലുകളും നിരീക്ഷിക്കുന്നതിനുള്ള സംവിധാനം എല്ലാ ജയിലുകളിലും സ്ഥാപിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. മൊബൈൽ ഫോണും ആയത് ഉപയോഗിക്കുന്നതിനുള്ള അനുബന്ധ ഉപകരണങ്ങളും ജയിൽ മതിലിനു മുകളിലൂടെ ജയിലിനകത്തേയ്ക്ക് എറിഞ്ഞുകൊടുക്കുന്നതിന് സാധ്യത ഉള്ള സ്ഥലങ്ങളിൽ നിരീക്ഷണം കൂടുതൽ കർശനമാക്കുന്നതിനും അങ്ങനെയുള്ള സ്ഥലങ്ങളിൽ ഇത് തടയുന്നതിനുമായി ഫലപ്രദമായ വലകൾ സ്ഥാപിക്കുന്നതിനും ആലോചിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ